COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION, 1120

Monday, the *6th August 1945*
22nd Karkadagam 1120

The Council met in the Council Hall, Ernakulam, at half past Eleven of the clock with the Hon'ble the President (Sir George Boag, K. C. I. E., C. S. I.) in the Chair.

Messers Thattil Kochuvareed, T. K. Nayar and M. Sivarama Menon were absent.

QUESTIONS AND ANSWERS

H. M. I. S. COCHIN FUND—COLLECTION BY NON-OFFICIALS

വ൫.- മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്തു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി ഗവൺമെണ്ടു മറുപടി പറയുമോ.—

എച്ചു്. എം. ഐ. എസ്സു്. കൊച്ചിൻ ഫണ്ടിലേക്കു് അനുദ്യോഗസ്ഥന്മാരായെല്ലാം പണം പിരിച്ചു ഗവൺമെണ്ടിൽ അടച്ചിട്ടുണ്ടു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ :

൧. ചെയർമാൻ, ചിറ്റൂർ മുനിസിപ്പാലിറ്റി.
൨. ടി തത്തമംഗലം മുനിസിപ്പാലിറ്റി.
൩. മിസ്റ്റർ സി. ജെ. ലൂയിസു്, എറണാകുളം.
൪. റാവുസാഹിബു് കെ. അയ്യപ്പൻ.
൫. മിസ്റ്റർ എസ്സു്. എസ്സു്. കോഡർ.
൬. മിസ്റ്റർ എ. ബി. സേലം.
൭. മിസ്റ്റർ എച്ചു്. ജെ. വാംസ്ലി.
൮. മിസ്റ്റർ എൻ. കേശവൻനമ്പൂതിരി, അഡ്വക്കേറ്റു്, തൃശ്ശിവപേരൂർ.
൯. ചെയർമാൻ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി.
൧൦. മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ, എറണാകുളം.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്തു്: ഗവൺമെണ്ടു് ഈ സബ്സിസു് വാല്യുബിൾ സബ്സിഡിയായി കണക്കാക്കീട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: വാല്യുബിൾ തന്നെ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഏറ്റവും അധികംസംഖ്യ പിരിച്ചതു് ആരാണു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അറിയുവാൻ വഴിയില്ല. ഇവരൊക്കെ പണം പിരിച്ചിട്ടുണ്ടെന്നുള്ള കണക്കു മാത്രമെയുള്ളു. ഓരോരുത്തരും പിരിച്ചിട്ടുള്ള സംഖ്യക്കു് അവരുടെ കയ്യിൽ കണക്കുണ്ടോഎന്നു് നിശ്ചയമില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: മിസ്റ്റർ എൻ. കേശവൻനമ്പൂതിരി ഇപ്പോഴും അഡ്വക്കേറ്റാണോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അന്നു് അഡ്വക്കേറ്റായിരുന്നു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇപ്പോൾ അദ്ദേഹം എന്തുചെയ്യുന്നു?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇപ്പോൾ അദ്ദേഹം സർക്കാർ സർവ്വീസിലാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അതാ അവിടെ ഇരിക്കുന്ന ആളാണോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതേ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അദ്ദേഹം എത്ര ഉറുപ്പിക പിരിച്ചിട്ടുണ്ടു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇവരാരുംതന്നെ ഇത്ര ഇത്ര ഉറുപ്പിക പിരിച്ചിട്ടുണ്ടെന്നു് പറയുവാൻ തരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവക്ക് കമ്മീഷൻ വല്ലതും കൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: ആരുടെയെങ്കിലും റപ്രസെന്റേഷനോടുകൂടി ആരെയെങ്കിലും അയച്ചിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മഹാരാജാവു തിരുമനസ്സിലെ റപ്രസന്റുചെയ്യുന്ന ഒരു സംഘത്തെ അയച്ചിരുന്നു.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: ജനങ്ങളുടെ റപ്രസന്റേഷനായിട്ട് ആരെയെങ്കിലും അയച്ചിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കൃത്യമായിട്ടു പറയുവാൻ നോട്ടീസ്സുവേണം.

GOVERNMENT PRESS AND PUBLIC HOLIDAYS

86. Mr. P. A. Muhamad Ashroff *(Cranganur):* Will Government be pleased to answer.—

whether the Public Holidays for Meeladi-Nabi and Muharam are available to the employees of the Government Press ?

Mr. B. V. K. Menon *(Secretary to Government) :*

No; but out of the 19 holidays enjoyed by the Press employees in addition to Sundays and extra-ordinary holidays in connection with the demise of the members of the Ruling Family etc., two are Muslim holidays *viz.*, Ramzan and Bakrid. The Muslim employees of the Press are also allowed like other Muslims in other offices an interval of two hours on Fridays to go to the mosque to say their prayers.

MULL—DISTRIBUTION OF—MATTANCHERI

ശ്രീ. മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെണ്ടു താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ —

(എ) ഈ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ മട്ടാഞ്ചേരിയിൽ വിതരണത്തിനായി എത്ര വാര മൽത്തുണികൾ മൊത്തക്കച്ചവടക്കാരെ ഏല്പിച്ചിട്ടുണ്ട് ;

(ബി) കച്ചവടക്കാർക്കു ലഭിച്ച തുണിത്തരങ്ങളിൽ ചിലതു കേടുവന്നുപോയതായി ഗവൺമെണ്ടിനു് അറിവു കിട്ടീട്ടുണ്ടോ ;

(സി) കേടുവന്ന തുണിത്തരങ്ങൾ കാർഡുകാർക്കു വിതരണം ചെയ്യുവാനായി ഗവൺമെണ്ടിൽനിന്നും തുണി കച്ചവടക്കാർക്കു നിർദ്ദേശം നല്കുകയുണ്ടായോ ?

മിസ്റ്റർ ബി. വി. കെ മേനോൻ :

(എ) മേയ്, ജൂൺ, ജൂലായി എന്നീ മൂന്നു മാസങ്ങളിൽ മട്ടാഞ്ചേരിയിലെ മൊത്തക്കച്ചവടക്കാർക്കു ലഭിച്ചിട്ടുള്ളതായ മൽതുണിയുടെ കണക്കു താഴെ ചേർക്കുന്നു.—

മേയ്	ജൂൺ	ജൂലായി
൨൦,൫൪൦ വാര	൪,൪൯൫ വാര	൪,൫൯൯ വാര

(ബി) ഉവ്വ്.

(സി) ഇല്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: മേയ് മാസത്തിൽ ഇരുപതിനായിരം വാര തുണിയും ജൂൺ മാസത്തിൽ അയ്യായിരം വാര തുണിയും ഏല്പിച്ചതായി പറയുന്നുണ്ട്. ജൂൺ മാസത്തിൽ ഏല്പിച്ച തുണി നാലിലൊരുഭാഗമെങ്കിലുള്ളൂ. അതിനുള്ള കാരണമെന്താണ് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സർക്കാരിൽനിന്നും വാങ്ങിയതല്ല അതു്. അവക്ക് ഓരോ കോട്ട അനുവദിച്ചിട്ടുണ്ട്. ആ കോട്ടപ്രകാരം അവർതന്നെ വരുത്തുന്നതാണു്. ജൂൺമാസത്തിലെ കോട്ട അത്രമാത്രം ഉണ്ടായിരുന്നതായിരിക്കണം അതിനു കാരണം.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: രണ്ടാമത്തെ ചോദ്യത്തിൽ 'കച്ചവടക്കാർക്ക്' ലഭിച്ച തുണിത്തരങ്ങളിൽ ചിലതു കേടുവന്നുപോയതായി ഗവൺമെണ്ടിനു് അറിവു കിട്ടീട്ടുണ്ടോ എന്നു ചോദിച്ചതിനു് ഉവ്വ് എന്നു മറുപടി പറഞ്ഞിട്ടുണ്ട്. ആ കേടുവന്ന തുണികൾ അവർ എന്തുചെയ്തു ?

LIBRARY ARCHIVES Kerala Legislative Assembly